**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *56** **13/01/2021 ൽ മറുപടിക്ക്**

**<u>ദേവസ്വം നിയമനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ആർ. സുനിൽ കുമാർ**<br>**ശ്രീമതി ഇ. എസ്. ബിജിമോൾ**<br>**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി. കെ. ആശ** | **കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ദേവസ്വം നിയമനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) | ദേവസ്വം നിയമനങ്ങൾക്കായി രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ചെയർമാനും അംഗങ്ങൾക്കും പ്രത്യേക യോഗ്യതകൾ നിശ്ചയിക്കുകയും ബോർഡ് പുനസംഘടിപ്പിച്ച് അംഗബലം ആറിൽ നിന്നും മൂന്നായി കുറയ്ക്കുകയും ചെയ്തു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി "ദേവജാലിക" എന്ന റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ് വെയർ വികസിപ്പിച്ച് നിയമന നടപടികൾ ഓൺലൈനാക്കിമാറ്റി. ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് രാജ്യത്ത് ആദ്യമായി 10% സംവരണം ഏർപ്പെടുത്തി ഇതോടൊപ്പം ഈഴവ/ബില്ലവ/തിയ്യ സമുദായത്തിന് 3%-വും, മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് 3%-വും, പട്ടികജാതി സമുദായത്തിന് 2%-വും വീതം സംവരണം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, മലബാർ, കൂടൽമാണിക്യം, ഗുരുവായൂർ എന്നീ ദേവസ്വങ്ങളിലെയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെയും 64 തസ്തികകളിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി അപേക്ഷ ക്ഷണിക്കുകയും സെലക്ഷൻ നടപടികൾ പൂർത്തിയാക്കി 33 തസ്തികകളിൽ റാങ്ക് ലിസ്റ്റ് |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുകയും നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റ് പിന്നോക്ക സമുദായക്കാർ എന്നിവരിൽ നിന്നും മതിയായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്ന തസ്തികകളിലേയ്ക്ക് പ്രത്യേക നിയമനം നടത്തുകയുണ്ടായി കൂടാതെ 25/10/2019 തീയതിയിലെ സ.ഉ(കയ്യെഴുത്ത്).നം.322/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആദ്യമായി മലബാർ ദേവസ്വം ബോർഡിന് 21 തസ്തികകൾ അനുവദിക്കുകയും 20/04/2020 തീയതിയിലെ സ.ഉ(അച്ചടി).നം.34/2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമന ചട്ടങ്ങൾ ( Malabar Devaswom Board Servants(Recruitment, Service and Conduct) Rules - 2020) രൂപീകരിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | 1995 മുതൽ സ്ഥിരനിയമനം നടത്തിയിട്ടില്ലാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്ഥിരനിയമനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ; | (ബി) | നടത്തിയിരുന്നു, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേയ്ക്ക് 310 പേരെയും രണ്ടാം ആനശേവുകം തസ്തികയിലേയ്ക്ക് 14 പേരെയും അസിസ്റ്റന്റ് എഞ്ചിനിയർ(സിവിൽ) തസ്തികയിലേയ്ക്ക് 13 പേരെയും ഓവർസിയർ ഗ്രേഡ്-3(സിവിൽ) തസ്തികയിലേയ്ക്ക് 40 പേരെയും എൽ.ഡി ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് 94 പേരെയും സ്മിത്ത് തസ്തികയിലേയ്ക്ക് 2 പേരെയും അസിസ്റ്റന്റ് ലാ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് 2 പേരെയും സ്ഥിരം നിയമനം നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | കൊച്ചിൻ ദേവസ്വം ബോർഡിലും സമാനമായ രീതിയിൽ സംവരണതത്വം പാലിച്ച് നിയമനം നടത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്, കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് 150 പേരെയും കഴകം തസ്തികയിലേയ്ക്ക് 146 പേരെയും |

| | | | |
|---|---|---|---|
| | | | വാദ്യവിഭാഗത്തിൽപ്പെട്ട കുഴൽ തസ്തികയിലേയ്ക്ക് 10 പേരെയും നാദസ്വരം തസ്തികയിലേയ്ക്ക് 5 പേരെയും തകിൽ തസ്തികയിലേയ്ക്ക് 5 പേരെയും ഇലത്താളം തസ്തികയിലേയ്ക്ക് 5 പേരെയും സോപാനപ്പാട്ട് തസ്തികയിലേയ്ക്ക് 4 പേരെയും സംബന്ധി തസ്തികയിലേയ്ക്ക് 37 പേരെയും കിട്ടുപിടി തസ്തികയിലേയ്ക്ക് 1 ഉദ്യോഗാർത്ഥിയെയും നിയമിക്കുന്നതിന് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ഡി) | ദേവസ്വം നിയമനങ്ങളിൽ ഈഴവസമുദായം ഉൾപ്പെടെയുള്ള പിന്നോക്കവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മുന്നോക്കത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സംവരണാനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്, 18/11/2019 തീയതിയിലെ സ.ഉ(അച്ചടി).നം.79/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തുകയും ഈഴവ/ബില്ലവ/തിയ്യ സമുദായത്തിന് 3%-വും, മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് 3%-വും, പട്ടികജാതി സമുദായത്തിന് 2% -വും വീതം സംവരണം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**